**'ഭരണഭാഷ- മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലാപഞ്ചായത്ത്-ഔദ്യോഗിക വാഹനമായ KL 14-J-1224 നമ്പർ അമ്പാസിഡർ കാർ കണ്ടം ചെയ്യുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി)വകുപ്പ്**

**സ.ഉ.(സാധാ) നം.1263/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/06/2019

---

പരാമർശം:- കാസർഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2018 ലെ സി.3/850/11 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 14-J-1224 നമ്പർ അംബാസിഡർ കാർ ഉപയോഗപ്രദമല്ലാത്തതിനാൽ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ചിട്ടുള്ള മതിപ്പുവിലയായ 50,000/- രൂപയിൽ കുറയാത്ത തുകയ്ക്ക് ലേലം ചെയ്ത് വിറ്റൊഴിവാക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം കാസർഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 14-J-1224 നമ്പർ അംബാസിഡർ കാർ പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷൻ നിശ്ചയിച്ചിട്ടുള്ള മതിപ്പുവിലയായ 50,000/- രൂപയിൽ കുറയാത്ത തുകയ്ക്ക് പൊതു ലേലത്തിലൂടെ എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കണ്ടം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹസീനാ ബീഗം എ**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

സെക്രട്ടറി, കാസർഗോഡ് ജില്ലാപഞ്ചായത്ത്
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.